**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ പരിഷ്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം. എം. മണി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി, ആകെ വായ്പാ ബാധ്യത എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി.യുടെ ആസ്തികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) | കോവിഡിനുശേഷം ടിക്കറ്റ് / ടിക്കറ്റിതര വരുമാനം 6 കോടി രൂപയിലേറെയായി വർദ്ധിപ്പിച്ചെങ്കിലും പ്രതിദിന ഡീസൽ വിലയിലെ അനിയന്ത്രിത വർദ്ധനവ്, കൺസോർഷ്യം വായ്പ തിരിച്ചടവ് തുടങ്ങി വിവിധ കാരണങ്ങളാൽ വരവിനേക്കാളേറെ ചെലവേറിയതിനാൽ ജീവനക്കാരുടെ ശമ്പളം പോലും യഥാസമയം നൽകാൻ കഴി യാത്ത അവസ്ഥയാണ് കെ.എസ്.ആർ.ടി.സി.യിൽ സംജാതമായിട്ടുള്ളത്. സർക്കാർ വായ്പ, കൺസോർഷ്യം വായ്പ, (3100 കോടി രൂപ ഉൾപ്പെടെ) വായ്പ ഇനത്തിൽ കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ബാക്കി ഒടുക്കുവാനുണ്ട് എന്ന് തർക്കത്തിലിരിക്കുന്ന തുകയും ചേർത്ത് കെ.എസ്.ആർ.ടി.സി.യുടെ ആകെ വായ്പ ബാധ്യത 12,463.78/- കോടി രൂപ യാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലെയും, വർക്ഷോപ്പുകളിലെയും, ഓഫീസുകളിലെയും മറ്റ് സ്ഥലങ്ങളിലുമുള്ള വസ്തു സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പട്ടയം / കരം തീരുവ ഉള്ള ആകെ വസ്തുക്കൾ : 340.57.834 ഏക്കർ (340 ഏക്കർ 57 സെന്റ് 834 സ്ക്വയർ ലിങ്ക്സ്)<br><br>പട്ടയമോ കരം തീരുവയോ ഇല്ലാത്ത ആകെ വസ്തുക്കൾ : 59.29.744 ഏക്കർ<br><br>പാട്ടത്തിൽ ലഭിച്ച വസ്തുക്കൾ : 17.33.280 ഏക്കർ<br><br>ആകെ വസ്തുക്കൾ : 417.20.858 ഏക്കർ. |

| | | | |
|---|---|---|---|
| | | | ഈ സ്ഥലങ്ങളിലുള്ള കെട്ടിടങ്ങളും, സ്ഥാവര-ജംഗമ വസ്തുക്കളും ആസ്ഥിയിൽ ഉൾപ്പെടുന്നതാണ്.<br>നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് – 129702 sq.ft.<br>നിർമ്മാണം പുരോഗമിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് - 102617 sq.ft.<br>ആകെ ബസ് - 5412 എണ്ണം<br>മറ്റ് വാഹനങ്ങൾ - 177 എണ്ണം. |
| (ബി) | ബാങ്ക് കൺസോർഷ്യത്തിൽ നിന്നുള്ള വായ്പാ തിരിച്ചടവ് ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ടോ; | (ബി) | **ഇല്ല. KSRTC ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലാണ്.** |
| (സി) | വായ്പാ ബാധ്യത ഒഴിവാക്കിയാൽ മേയ് മാസത്തെ പ്രവർത്തനച്ചെലവും വരവും തമ്മിലുള്ള വിടവ് 12 കോടിയിൽ താഴെയായിരുന്നതിനാൽ കൂടുതൽ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്ത് പ്രതിദിന വരുമാന വർദ്ധനവിലൂടെ കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലേക്കെത്തിയ്ക്കാൻ നടപടിയെടുക്കുമോ; | (സി) | **കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് ബാധ്യത ഒഴിവാക്കിയാൽ മെയ് മാസത്തെ വരവും, പ്രവർത്തന ചെലവും തമ്മിലുള്ള അന്തരം 17.66 കോടി രൂപയാണ്.**<br>**പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ അടിസ്ഥാനത്തിൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും ഒരു ദിവസം 8 കോടി രൂപ ആകെ വരുമാനം ലഭിക്കുന്ന രീതിയിലും ഓരോ ഡിപ്പോയ്ക്കും കളക്ഷൻ ടാർജറ്റ് പ്രത്യേകം പ്രത്യേകം നിശ്ചയിച്ച് അതിനനുസരിച്ച് കാര്യക്ഷമമായി സർവ്വീസുകൾ നടത്തി വരുമാനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br>**ഇത് പ്രാവർത്തികമാക്കുന്നതിനും കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതോടെ നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് തന്നെ കൂടുതൽ ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാനം ടാർജറ്റിലേയ്ക്ക് എത്തിക്കുവാൻ കഴിയും. കൂടാതെ നോൺ ഓപ്പറേറ്റിംഗിലെ വരുമാനം ലക്ഷ്യമിട്ട് കൊമേഴ്സ്യൽ, ബഡ്ജറ്റ്, ടൂറിസം എന്നിങ്ങനെ പ്രത്യേക സെല്ലുകൾ രൂപീകരിച്ച് നോൺ ഓപ്പറേറ്റിംഗ് വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കുവാൻ ശ്രമങ്ങൾ നടന്നു വരികയാണ്.** |
| (ഡി) | തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ എല്ലാത്തരം |

| | | | |
|---|---|---|---|
| | പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ? | | പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നത് കാലാകാലങ്ങളിലുള്ള അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്ന തരത്തിൽ ചർച്ച ചെയ്തുകൊണ്ടാണ്.<br><br>പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോ കളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം കൂടുതൽ ജീവനക്കാരെ അധിക സർവ്വീസ് ഓപ്പറേഷ നായി ലഭ്യമാക്കുകയും മേൽ നടപടി പ്രായോഗികമാക്കുന്നതോടെ ആറ്റിങ്ങൽ ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ കുറയുകയും ചെയ്യും.<br><br>മേൽ പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്ത് അധിക ബസ്സുകളും ജീവനക്കാരെ കൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധന ഇല്ലാതെ പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് എത്രയും വേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ